"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - 'ഔഷധി'-ൽ നിന്നും ഭാരതീയ ചികിത്സാ വകുപ്പിനു ടെൻഡർ നടപടികളില്ലാതെ നേരിട്ട് ഔഷധങ്ങൾ വാങ്ങുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

**സ.ഉ(സാധാ) നം. 23/2023/എസ്.പി.ഡി** **തിരുവനന്തപുരം, തീയതി: 27/02/2023**

പരാമർശം:- 1) 26/10/2015 ലെ സ.ഉ.(സാധാ) നം. 58/2015/എസ്.പി.ഡി നമ്പർ ഉത്തരവ്

2) 01/11/2021 ലെ സ.ഉ.(സാ.ധാ) നം. 31/2021 എസ്.പി.ഡി നമ്പർ ഉത്തരവ്

3) ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 22.08.2022 ലെ സി.2-699/2022 നമ്പർ കത്ത്.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിന് ടെൻഡർ നടപടികളില്ലാതെ 'ഔഷധി' -ൽ നിന്നും നേരിട്ട് ഔഷധങ്ങൾ വാങ്ങുന്നതിനായി പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകുകയും, പ്രസ്തുത ഇളവിന്റെ കാലാവധി അടുത്ത ഓരോ വർഷങ്ങളിൽ ദീർഘിപ്പിച്ചു നൽകി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പരാമർശം (2) ഉത്തരവിന്റെ കാലാവധി 31.10.22 -ൽ അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ഇളവിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (3) പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഔഷധി സ്വന്തം ഫാക്ടറികളിൽ നേരിട്ട് ഉല്പാദിപ്പിക്കുന്ന ആയുർവേദ മരുന്നുകളും, സിദ്ധ മരുന്നുകളും, പൊതു വിപണിയിലെ വില്പന നിരക്കിൽ നിന്നും 30% കുറഞ്ഞ വിലയിൽ ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലുള്ള എല്ലാ ആശുപത്രികളിലും, ഡിസ്പെൻസറികളിലും ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 -ൽ ഇളവ് നൽകിക്കൊണ്ടുള്ള അനുമതി, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ഗീതാലക്ഷ്മി. എം. ബി**

**അഡീഷണൽ സെക്രട്ടറി**

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം

ആയുഷ് (എ) വകുപ്പ് (ഫയൽ നം. AYUSH-A1/272/2022-AYUSH)

വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

സി-ഡിറ്റ്, തിരുവനന്തപുരം

(സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിലേയ്ക്കായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.